# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 835 06.06.2018-ലെ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി ജോർജ്ജ് | | ശ്രീ.എ.കെ. ബാലൻ (പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ മിശ്രവിവാഹം കഴിച്ചാൽ സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായ തുക എത്രയാണ്; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത് ; വിശദമാക്കാമോ ; | എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് 50,000/- രൂപ ധനസഹായം നൽകി വരുന്നുണ്ട്. 01.06.2009 തീയതിയിലെ സ.ഉ(കൈ) 42/09/പജപവവിവ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 22.03.2017-ലെ സ.ഉ(കൈ)നം. 20/2017/പജ പവ വിവ പ്രകാരം 75,000/-രൂപ ധനസഹായം അനുവദിക്കുന്നു. ടി ധനസഹായത്തിനുള്ള വരുമാന പരിധി 1,00,000/-രൂപയാണ്. |
| ബി) | ഇത്തരം മിശ്രവിവാഹിതർക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിയ്ക്കുന്ന ധനസഹായം എത്രയാണ് ; കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ; | ബി) | പട്ടികവർഗ്ഗ മിശ്രവിവാഹിതർക്ക് ആനുകൂല്യം അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പദ്ധതിയൊന്നും നിലവിലില്ല. സംസ്ഥാന സർക്കാരിന്റെ പദ്ധതിയിൽ നിന്നാണ് ആനുകൂല്യം നൽകി വരുന്നത്. എന്നാൽ 1989-ലെ അതിക്രമം തടയൽ നിയമം നടപ്പിലാക്കൽ പദ്ധതിയുടെ ഘടകങ്ങളിൽ മിശ്ര വിവാഹിതർക്ക് ആനുകൂല്യം |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് വ്യവസ്ഥയുണ്ട്.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്ര വിവാഹിതർക്ക് ഡോ.അംബേദ്കർ ഫൗണ്ടേഷൻ മുഖേന കേന്ദ്ര സർക്കാരിൽ നിന്നും 2,50,000/-രൂപ ധനസഹായം ലഭിക്കുന്നു.<br><br>ജില്ലാ കളക്ടർമാർ മുഖേന നേരിട്ട് ഫൗണ്ടേഷന് അപേക്ഷ സമർപ്പിക്കുകയാണ് ചെയ്യുന്നത്.ആയതിനാൽ ഇതു സംബന്ധിച്ച ഉത്തരവുകളൊന്നും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. 2017-18 വർഷം രാജ്യത്താകെ 500 ദമ്പതികൾക്ക് ധനസഹായം അനുവദിക്കുന്നതിനാണ് ഫൗണ്ടേഷൻ ലക്ഷ്യമിട്ടിരുന്നത്. കേരളത്തിന്റെ വിഹിതം 7 ആയിരുന്നു. |
| സി) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് തൊഴിൽ ചെയ്ത് ജീവിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | | മിശ്രവിവാഹം മൂലം കഷ്ടത അനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ജീവനോപാധി പ്രവർത്തനങ്ങൾക്കായാണ് 50,000/- രൂപ മിശ്ര വിവാഹ ധസഹായം അനുവദിക്കുന്നത്. ആനുകൂല്യമായി അനുവദിക്കുന്ന തുക ഉപയോഗിച്ചുകൊണ്ട് പെട്ടിക്കട, തയ്യൽ യൂണിറ്റ്, മറ്റ് ജീവനോപാധി പ്രവർത്തനങ്ങൾ തുടങ്ങുന്നതിനാണ് ധനസഹായം അനുവദിച്ചു വരുന്നത്. കൂടാതെ മിശ്ര വിവാഹിതരാകുന്ന ദമ്പതികളുടെ മക്കൾക്ക് എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. 10.07.2017-ലെ സ.ഉ(സാധാ) നം.1707/17 പജപവവിവ ഉത്തരവ് പ്രകാരം മിശ്ര വിവാഹിതരിൽ ഒരാൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ കുടുംബത്തിന് |

| | | | |
|---|---|---|---|
| | | | പട്ടികജാതി പട്ടികവർഗ്ഗത്തിനുള്ള ആനുകൂല്യങ്ങൾക്കുള്ള അർഹതയുണ്ട്.<br>പട്ടികജാതിയിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടിക ഇതര സമുദായത്തിൽപ്പെട്ടതും ആയിരിക്കണം) വിവാഹത്തെ തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായിട്ടാണ് 75,000/-രൂപ ഗ്രാന്റായി സർക്കാർ അനുവദിച്ചു വരുന്നത്. |

**സെക്ഷൻ ഓഫീസർ**